പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2360 18.02.2016-ൽ മറുപടിക്ക്

**'ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം'**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | കേരള റോഡ് സേഫ്റ്റി അതോറിറ്റി 16-12-2015 ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിന്റെ ഭാഗമായി ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുവാൻ എന്തെല്ലാം രേഖകൾ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ; | എ) | ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തരം 4,27,98,956/- രൂപ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ടി പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിലേക്ക് 26-10-15 ൽ നൽകിയിട്ടുണ്ട്. 16-12-2015 ൽ ചേർന്ന റോഡ് സേഫ്റ്റി അതോറിറ്റിയുടെ സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിങ്ങിൽ തീരുമാനം അനുസരിച്ച് ട്രോമാകെയർ യൂണിറ്റിന് ആവശ്യമുള്ള നിർമ്മാണ പ്രവർത്തികൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിക്കാനും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ മാത്രമായി നൽകാനും റോഡ് സേഫ്റ്റി അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| ബി) | നം. എം.സി-2/14362/08/ഡി.എച്ച്.എസ്. തീയതി 26-10-2015 ഫയൽ പ്രകാരം എന്തു തുകയുടെ ശുപാർശയാണ് കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചതെന്നും ഇതിൽ കെട്ടിട നിർമാണത്തിന് എന്തു തുകയാണെന്നും ഉപകരണത്തിന് എന്തു തുകയാണെന്നും വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് പ്ലാനുമുൾപ്പെടെയുള്ള ശുപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ; | ബി) | 4,27,98,956 രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിന് 25400000/- രൂപയും ഉപകരണങ്ങൾവാങ്ങുന്നതിനും അനുബന്ധ സാമഗ്രികൾക്കും 11566956/- രൂപയും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാർക്കുള്ള വേതനത്തിനായി 5832000/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു |

| | | | |
|---|---|---|---|
| സി) | 4-2-2016 ൽ 009727-ാം നമ്പരായി തപാലിൽ സ്വീകരിച്ച കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ കത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | സി) | കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്ന് ലഭിച്ച നിർദ്ദേശാനുസരണം ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് ട്രോമാകെയർ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാണോയെന്നും അല്ലെങ്കിൽ ട്രോമോകെയർ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ വേണ്ട കെട്ടിട സൗകര്യം ഉണ്ടോ എന്നുള്ള വിവരം ആരായാനും കെട്ടിട സൗകര്യം ഉണ്ടെങ്കിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ മാത്രമായി സമർപ്പിക്കാൻ താലൂക്ക് ആശുപത്രി സൂപ്രണ്ടിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. |
| ഡി) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വെളപ്പെടുത്തുമോ? | ഡി) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ അഞ്ച് നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ തുക ലഭ്യമല്ല. 2016-17 സാമ്പത്തിക വർഷത്തിൽ ആവശ്യമായ ഫണ്ട് ലഭിക്കുകയാണെങ്കിൽ പരിഗണിക്കുന്നതാണ്. 13ാം ധനകാര്യ കമ്മിഷൻ അവാർഡ് തുക വിനിയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി തുകയിൽ നിന്ന് 35.51 ലക്ഷം രൂപയുടെ വിവിധ ഉപകരണങ്ങൾ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.ലേക്ക് കൈമാറിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റിയുടെ ഫണ്ട് ലഭിക്കുകയാണെങ്കിൽ ആറ്റിങ്ങൽ താലൂക്ക് ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**